# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 353 — 13.12.2018- ൽ മറുപടിക്ക്

## വ്യാവസായിക ക്ലസ്റ്ററുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. കെ.ഡി. പ്രസേനൻ**
**,, എ. പ്രദീപ്കുമാർ**
**,, ആർ. രാജേഷ്**
**,, ആന്റണി ജോൺ**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന യുവജനങ്ങളിൽ ഇരുപത് ശതമാനം പേരെയെങ്കിലും തൊഴിൽദായകരായ സംരംഭകരാക്കിത്തീർക്കാൻ സാധ്യമാകും വിധം നൽകി വരുന്ന സംരംഭക പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ്; | എ) | കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങളും അനുയോജ്യമായ മേഖലകളിൽ പരിശീലനവും നൽകുന്നതിനായി വ്യവസായ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>• സംരംഭകത്വ പരിശീലന പദ്ധതി<br>• സംരംഭകത്വ ബോധവൽക്കരണ പദ്ധതി<br>• സംരംഭകത്വ വികസന ക്ലബ്ബുകൾ ( ED Clubs)<br>• ഇൻവെസ്റ്റേഴ്സ് മീറ്റ്<br>കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ( കെ.എഫ്. സി ) മുഖേന " സ്റ്റാർട്ട് അപ്പ് സപ്പോർട്ട് സ്കീമും " നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വിപണിയിലെ മത്സരം നേരിടുന്നതിന് വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കാൻ നൽകി വരുന്ന സഹായം എന്തെല്ലാമാണ്; ഇത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി കെ.എഫ്.സിക്ക് ഫലപ്രദമായി ഇടപെടാൻ സാധ്യമാകുന്നുണ്ടോ; | ബി) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭക വളർച്ചയ്ക്ക് കേന്ദ്ര സർക്കാരിന്റെ MSME മന്ത്രാലയത്തിന്റെ എം.എസ്.എം .ഇ. - സി.ഡി.പി. പ്രകാരമുള്ള പദ്ധതിയാണ് ക്ലസ്റ്റർ വികസനം. കോമൺ ഫെസിലിറ്റി സെന്റർ, റിസർച്ച് & ഡെവലപ്പ്മെന്റ് സെന്റർ, സാങ്കേതിക മികവ് വർധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.<br>ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC)സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ MSME മന്ത്രാലയത്തിന്റെ എം.എസ്.എം .ഇ. - സി.ഡി.പി..പദ്ധതി പ്രകാരം പദ്ധതി തുകയുടെ 70% |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും അനുവദിക്കുന്നു. ബാക്കി 10% അതാത് കൺസോർഷ്യം കോൺട്രിബ്യൂഷനായി ചെലവഴിക്കണം.<br>ക്ലസ്റ്റർ രൂപീകരണത്തിനായി കെ.എഫ്.സി പ്രത്യേകമായി ധനസഹായം അനുവദിക്കുന്നില്ലെങ്കിലും അപേക്ഷിച്ചാൽ മുൻഗണന നൽകി വായ്പ അനുവദിക്കുന്നതാണ്. |
| സി) | പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പ്രത്യേക പദ്ധതി ഉണ്ടോ ; | സി) | ഉണ്ട്. നിരവധി പ്രതിസന്ധികൾ നേരിടുന്ന കേരളത്തിലെ സൂക്ഷ്മ , ചെറുകിട, ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ടി " "തകർച്ച നേരിടുന്ന എം. എസ്. എം. ഇ കളുടെ പുനരുദ്ധാരണം" ( Kerala Stressed MSMEs Revival & Rehabilitation Scheme ) എന്ന പദ്ധതിയ്ക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>15-05-2018-ലെ ജി.ഒ.(കൈ)നം. 38/2018/വ്യവ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായമിത്ര'യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ട്രസ്റ്റ് ഫണ്ടിൽ 100 കോടിയുടെ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കും. |
| ഡി) | നിക്ഷേപ പ്രോത്സാഹനത്തിന് അനിവാര്യമായ പശ്ചാത്തല സൗകര്യവികസനത്തിനായുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ഡി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ നിക്ഷേപം ആരംഭിക്കുന്നതിനും സംരംഭകർക്ക് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും, ക്ലസ്റ്ററുകൾക്കായി പുതിയതും, നവീകരിച്ചതുമായ പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/ എസ്റ്റേറ്റ്, വ്യവസായ പ്രവർത്തന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | (എ) *നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/ എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യവികസനം ( വിഹിതം 2800.00 ലക്ഷം രൂപ )* |
| | | | നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ടുകളിലെ നവീകരണത്തിനും, തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ ഉറവിടങ്ങൾ , ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം ,ആന്തരിക റോഡുകളുടെ നിർമ്മാണം , അറ്റകുറ്റ പണി , കാൻറീൻ, പ്രഥമ ശുശ്രൂഷ കേന്ദ്രങ്ങൾ എന്നിവ ഒരുക്കുക എന്നാണ് ലക്ഷ്യം.<br><br>(ബി) *നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം( വിഹിതം 55.00 ലക്ഷം രൂപ)*<br><br>വാർഷിക നവീകരണ ചെലവുകൾ , പ്ലാന്റ് ആന്റ് മെഷീനറി എന്നിവയുള്ള ചെലവുകൾ ഉൾപ്പെടെ നിലവിലുള്ള പൊതു സൗകര്യ സേവനകേന്ദ്രങ്ങളുടെ നവീകരണമാണ് ലക്ഷ്യമിടുന്നത്.<br>കൂടാതെ കെ. എസ്. ഐ.ഡി. സി, കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ വ്യവസായ പാർക്കുകളിൽ / ഭൂമിയിൽ സംരംഭകർക്ക് സ്ഥാപനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**